III ശ്രദ്ധക്ഷണിക്കൽ

(1) വർക്കല നിയോജകമണ്ഡലത്തിൽ ജലവിതരണത്തിനായി സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ തകരാറിലായതിനെത്തുടർന്ന് ഉളവായിരിക്കുന്ന സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. കേരളത്തിലെ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമമുള്ള ഒരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. ഈ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 10 വർഷങ്ങൾക്കു മുമ്പ് കാര്യമായ പഠനത്തിനും ആലോചനയ്ക്കും ശേഷമാണ് ഒരു ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം കൊടുത്തത്. വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീം എന്ന പേരിൽ 10 കോടി രൂപ ചെലവഴിച്ചു. അതുപോലെതന്നെ പഞ്ചായത്തു പ്രദേശങ്ങളിൽ എ. ആർ. പി. സ്കീം എന്ന പേരിൽ മറ്റൊരു സ്കീമും 12 വർഷങ്ങൾക്കുമുമ്പ് തുടങ്ങിയെങ്കിലും പണി ഇഴഞ്ഞുനീങ്ങി കഴിഞ്ഞ രണ്ട് മാസങ്ങൾക്കുമുമ്പാണ് അതിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയുണ്ടായത്. എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷയോടുകൂടിയാണ് ആ വാട്ടർ സ്പപ്ലൈ സ്കീമിനെ കണ്ടത്. ജനങ്ങൾ ഇന്ന് നിരാശരാണ്. ആർക്കും വെള്ളം കിട്ടുന്നില്ല. പൈപ്പുകൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ഗുരുതരമായ ഒരു സാഹചര്യമാണ് അവിടെ ഉണ്ടായത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഉദ്ഘാടന ദിവസം മുതൽ കഴിഞ്ഞ രണ്ട് മാസക്കാലമായി ഇന്നുവരെ പൈപ്പുകൾ പൊട്ടിക്കൊണ്ടിരിക്കുകയാണ്. 8-10 വർഷം മുമ്പിട്ട പൈപ്പ് ഒരു നിലവാരവുമില്ലാത്ത ഒരിക്കലും ഉപയോഗിക്കാൻ പാടില്ലാത്ത കുറെ പൈപ്പുകളാണ് ലക്ഷക്കണക്കിന് രൂപയ്ക്ക് വാങ്ങി അവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ പൈപ്പുകളാണ് പൊട്ടിക്കൊണ്ടിരിക്കുന്നത്. ഇതിനിടയ്ക്ക് 15 ദിവസം അവിടെ ബണ്ട് പൊട്ടി കടൽവെള്ളം കയറി ജനങ്ങൾക്ക് ഉപ്പുവെള്ളം കുടിക്കേണ്ട ഒരു സാഹചര്യം ഉണ്ടായി. എല്ലാ വർത്തമാനപത്രങ്ങളിലും ഇത് വന്നു. വ്യാപകമായ പ്രക്ഷോഭസമരങ്ങൾ ഉണ്ടായി. മന്ത്രി എന്നുള്ള നിലയിൽ അങ്ങയുടെ കർമ്മധീരതയിൽ എനിക്ക് സംശയമില്ല. കാര്യക്ഷമതയില്ലാത്ത, അനാസ്ഥ സ്വന്തമാക്കി വച്ചിരിക്കുന്ന ഒരു വകുപ്പാണ് കേരള വാട്ടർ അതോറിറ്റി എന്ന പരാതി ഞാൻ മാത്രമല്ല ഉന്നയിക്കുന്നത്. ആ കാര്യക്ഷമതയില്ലായ്മയും അനാസ്ഥയും കാരണം 15 ദിവസം ആ കാര്യത്തിലും ഒരു പരിഹാരവും ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ ജനങ്ങളാകെ വെള്ളം കിട്ടാതെ ബുദ്ധിമുട്ടുകയാണ്. 8 കോടി രൂപ ചെലവിൽ വേൾഡ് ബാങ്ക് സഹായത്തോടുകൂടി അവിടെ നിർമ്മിച്ച റോഡ് തകർന്നുതരിപ്പണമായി. 12 തവണ ഈ പൈപ്പ് പൊട്ടി റോഡാകെ തകർന്നുതരിപ്പണമായി. ഇക്കാര്യം അധികാരികളുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയുണ്ടായി. അതിന്റെ ഫലമായി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി.

റോഡ് പോർഷനിൽ നിന്നുമാറ്റി ഏകദേശം റോഡിന് പുറത്തുതന്നെയുള്ള സ്ഥലത്ത് ഗുണനിലവാരമുള്ള പൈപ്പ് വാങ്ങിയിട്ട് കണക്ഷൻ മാറ്റി കൊടുത്തു. റോഡ് സംരക്ഷിക്കാനും കുടിവെള്ളം ജനങ്ങൾക്ക് എത്തിക്കുന്നതിനും വേണ്ടിയുള്ള ചില നടപടികൾ എടുക്കാൻ തീരുമാനിച്ചെങ്കിലും ആ തീരുമാനം കടലാസിൽതന്നെ അവശേഷിക്കുകയാണ്. ഇക്കാര്യത്തിൽ കാര്യമായ ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഫലത്തിൽ ഇപ്പോൾ റോഡുമില്ല കുടിവെള്ളവുമില്ല എന്നുള്ള സാഹചര്യത്തിൽ എത്തിച്ചേർന്നിരിക്കുന്ന ദുഃഖകരമായ സ്ഥിതിയിലേക്ക് ഞാൻ അങ്ങയുടെ ശ്രദ്ധയും അടിയന്തിരമായ ഇടപെടലും ഉണ്ടാകണമെന്നഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ഏറെക്കുറെ ഞാൻ തത്വത്തിൽ അംഗീകരിക്കുകയാണ്. കാരണം അവിടെ പൈപ്പ് പൊട്ടൽ ധാരാളമായിട്ടുണ്ട്. 12 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച് ഇപ്പോൾ 20 കോടി രൂപ ചെലവ് ചെയ്തിട്ടുള്ള വർക്കല ശുദ്ധജല വിതരണ പദ്ധതിയാണിത്. അവിടെ പൈപ്പ് പൊട്ടൽ ധാരാളമായുണ്ട്. അതിന് പൈപ്പിന്റെ ക്വാളിറ്റിയാണ് പ്രധാനപ്പെട്ട പ്രശ്നമായി പറഞ്ഞത്. സാധാരണ വിവാഹശുശ്രൂഷയിൽ ഒരു വാക്ക് പറയും. ഈ ദമ്പതികൾ ചെയ്യുന്ന നിയമവിരുദ്ധമായ നടപടിക്ക് ഈ വൈദികനായ ഞാൻ നിരപരാധിയായിരിക്കും. അതുകൊണ്ട് പൂർവ്വകാലത്ത് എന്തെങ്കിലും പാപകർമ്മം ഉണ്ടെങ്കിൽ ഞാൻ നിരപരാധിയായിരിക്കുമെന്ന് ഓർമ്മിപ്പിക്കുകയാണ്. ഇവിടെ ഞാൻ വ്യക്തിപരമായി ആരെയും പറയുന്നില്ല. പക്ഷേ എന്റെ കാലത്തല്ല എന്നു മാത്രമേ പറഞ്ഞുള്ളൂ. ഞാൻ പറഞ്ഞു വന്നത് ദീർഘകാലം മുമ്പുള്ള പൈപ്പുകളാണ് അതുകൊണ്ട് പൈപ്പ് പൊട്ടൽ ഉണ്ടാകുന്നുണ്ട്. ഇത് കെ. എസ്. ടി. പി. പ്രോഗ്രാമിലുള്ള റോഡിന്റെ മദ്ധ്യത്തിലാണ്. റോഡിന് വീതികൂട്ടിയപ്പോൾ പൈപ്പ് റോഡിന് മദ്ധ്യത്തിലായി. ഈ ഭാരം താങ്ങാനുള്ള ശക്തി പൈപ്പുകൾക്കില്ലാതെ പോയി. അതുകൊണ്ട് ഈ പൈപ്പ് മാറ്റിയിടുന്നതിനുവേണ്ടി കെ. എസ്. ടി. പി. പ്രോഗ്രാമിൽത്തന്നെ സാമ്പത്തിക സഹായം തരണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ആ അഭ്യർത്ഥന മാനിച്ച് 1,30,00,000 രൂപയാണ് ഈ പൈപ്പ് മുഴുവൻ മാറ്റിയിടാൻ ചെലവ്. കെ. എസ്. ടി. പി. ഒരു കോടി രൂപ ഇതിന്റെ കോമ്പൻസേഷൻ എന്നുള്ള നിലയിൽ നൽകാമെന്ന് പറഞ്ഞിട്ടുള്ളത് നമ്മൾ തത്വത്തിൽ സമ്മതിച്ചിട്ടുണ്ടെങ്കിലും തുക കിട്ടിയിട്ടില്ല. അതുകൊണ്ട് ഈ തുക കിട്ടുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് വർക്ക് ചെയ്യാൻ നിർദ്ദേശം കൊടുക്കും. മാത്രമല്ല ബഹുമാനപ്പെട്ട അംഗം ഇത്രയും തീവ്രമായി പറഞ്ഞതുകൊണ്ട് കെ. എസ്. ടി. പി. സമ്മതിച്ചിട്ടുള്ള തുക കിട്ടിയേക്കുമെന്ന അനുമാനത്തിൽത്തന്നെ ഈ പൈപ്പുകൾ മാറ്റിയിടുന്നതിനുവേണ്ടിയുള്ള അടിയന്തിരമായ നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: സർ, പഴയ കുഴപ്പം വീണ്ടും ഉണ്ടാക്കാതെ നിലവാരമുള്ള പൈപ്പുവാങ്ങി യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തീകരിക്കുവാൻ നടപടിയെടുക്കണം. അതോടൊപ്പംതന്നെ ഇതിനായി ഒരു അടിയന്തിര യോഗം വിളിക്കാനും അങ്ങ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യോഗം വിളിക്കുന്നതിൽ വിരോധമില്ല. അദ്ദേഹത്തെക്കൂടി ചേർത്ത് ഞങ്ങൾ ഇതിനുമുമ്പ് ഒരു യോഗം ചേർന്നതാണ്. വീണ്ടും ഒരു യോഗം ഇതിന്റെ അടിസ്ഥാനത്തിൽ വിളിക്കുന്നതാണ്.

(2) അനാഥാലയങ്ങളുടേയും വൃദ്ധസദനങ്ങളുടേയും നടത്തിപ്പിനുള്ള മാനദണ്ഡങ്ങൾ പുതുക്കേണ്ടതിന്റേയും അന്തേവാസികൾക്കും സ്ഥാപനങ്ങൾക്കുമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. സാജു പോൾ: സർ, കേരളത്തിലെ ആയിരത്തോളം അനാഥാലയങ്ങളിലും വൃദ്ധസദനങ്ങളിലുമായി അമ്പതിനായിരം അന്തേവാസികൾ ഉണ്ട്. ഞാനും ബഹുമാന്യനായ ശ്രീ. പി. ജെ. ജോയി, ശ്രീ. സി. മമ്മൂട്ടി എന്നിവരും ഇപ്പോൾ Board of Control for Orphanages and Other Charitable Homes-ൽ അംഗങ്ങളാണ്. ഈ സഭയിൽ ഇപ്പോൾ ഉള്ളവരും മുമ്പ് അംഗങ്ങൾ ആയിരുന്നവരുമായ നിരവധി മഹത്വ്യക്തികൾ വലിയ സേവനങ്ങൾ നല്കിയ മേഖലയാണിത്. അനാഥമായിരുന്ന ഓർഫനേജ് ബോർഡിന് ഇന്ന് ഒരു ആസ്ഥാനം ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ഇപ്പോഴത്തെ വകുപ്പുമന്ത്രിയും മുമ്പ് ചുമതല വഹിച്ചിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുമെല്ലാം സജീവമായി ഇടപെട്ടിട്ടുണ്ട്. എങ്കിലും നിരവധി പരാധീനതകൾ ഇപ്പോഴും ഈ രംഗത്ത് നിലനില്ക്കുകയാണ്. "ലോകത്തിൽ ഒരു കുട്ടിയെങ്കിലും ദുഃഖിതനായിരിക്കുന്ന കാലത്തോളം യാതൊരു കണ്ടുപിടിത്തങ്ങളും മഹത്വകരമാകുന്നില്ല, യാതൊരു പുരോഗതിയും പ്രാധാന്യമർഹിക്കുന്നില്ല" എന്ന് ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞിട്ടുണ്ട്. അനാഥ കുട്ടികൾക്ക്, അന്തേവാസികൾക്ക് കൊടുക്കുന്നത് പ്രതിമാസം 125 രൂപയാണ്. അത് മുന്നൂറു രൂപയായി വർദ്ധിപ്പിക്കണം. കൊടുക്കുന്ന തുകതന്നെ ട്രഷറി നിയന്ത്രണങ്ങൾക്കും മറ്റ് നിയമങ്ങൾക്കും വിധേയമായി കൃത്യമായി ലഭിക്കാത്ത അവസ്ഥയുമുണ്ട്. പ്രത്യേക ബജറ്റ് ഹെഡ് ഓർഫനേജുകൾക്കുവേണ്ടി ഇന്ന് അനുവദിച്ചിട്ടില്ല. അനാഥാലയങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ തൊഴിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ഫീസുകൾ ഒഴിവാക്കുകയും പാഠപുസ്തകങ്ങൾ സൗജന്യമായി കൊടുക്കുകയും നേഴ്സിംഗ് തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് സംവരണം

10-00 A.M.]